# സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ – കുടുംബശ്രീ ഡയറക്ടർ (എ & എഫ്)ന്റെ നടപടിക്രമം

*(ഹാജർ:- ശ്രീമതി. ആശാ വർഗ്ഗീസ്)*

വിഷയം: കുടുംബശ്രീ - എൻയുഎൽഎം - എസ്ഇപി - വ്യക്തിഗത/ഗ്രൂപ്പ് സംരംഭങ്ങൾക്ക് പലിശ സബ്സിഡി തുക അനുവദിച്ച് ഉത്തരവാകുന്നത് - സംബന്ധിച്ച്.

പരാമർശം: 08/12/2018 തീയതിയിലെ ശ്രീകണ്ഠപുരം നഗരസഭാ സെക്രട്ടറിയുടെ NULM/4032/18 നമ്പർ കത്ത്

***NULM 010 ഉത്തരവ് നമ്പർ 9153/F/2015/KSHO(2) തീയതി 11.1.2019***

ദേശീയ നഗര ഉപജീവന മിഷന്റെ സ്വയംതൊഴിൽ ഘടക പദ്ധതി പ്രകാരം നഗര ദരിദ്രർക്ക് സംരംഭകത്വ വികസന പരിശീലനവും, വൈദഗ്ദ്ധ്യ പരിശീലനവും നൽകി സ്വയം തൊഴിൽ ആരംഭിക്കുന്നതിന് പ്രാപ്തമാക്കുകയെന്നത് എൻയുഎൽഎം പദ്ധതിയുടെ ലക്ഷ്യങ്ങളിൽ ഒന്നാണ്. ഇവർക്ക് താങ്ങാവുന്ന നിരക്കിൽ വായ്പകൾ ലഭ്യമാക്കുന്നതിനായി സംരംഭങ്ങളുടെ ബാങ്ക് വായ്പകളുടെ പലിശ, സബ്സിഡി ആയി ദേശീയനഗര ഉപജീവന മിഷൻ നൽകുന്നതാണ്. നഗരങ്ങളിലെ സ്വയംസഹായ സംഘങ്ങൾ/അയൽക്കൂട്ടങ്ങൾ കൈപ്പറ്റുന്ന എല്ലാ ബാങ്ക് വായ്പകൾക്കും പലിശ സബ്സിഡി ബാധകമാണ്. ബാങ്കുകളിൽ അതത് കാലത്ത് നിലവിലുള്ള വാർഷിക പലിശ നിരക്കും 7% വാർഷിക നിരക്കും തമ്മിലുള്ള വ്യത്യാസമാണ് സബ്സിഡിയായി നൽകുക.

സംരംഭകർക്ക് വായ്പ/പലിശ സബ്സിഡി വിതരണം ചെയ്തതിന്റെ വിശദാംശങ്ങൾ പ്രതിമാസം ബാങ്കുകൾ നഗരസഭകൾക്ക് കൈമാറുന്ന മുറയ്ക്ക് നഗരസഭകൾ ത്രൈമാസാടിസ്ഥാനത്തിൽ സബ്സിഡി തുക കണക്കാക്കി ബാങ്കുകൾക്ക് കൈമാറുന്നതാണ്. (ബാങ്കുകൾ വ്യക്തി/ഗ്രൂപ്പുകളുടെ വായ്പാ അക്കൗണ്ടിലേയ്ക്ക് തുക നൽകുകയാണ് ചെയ്യേണ്ടത്). പലിശ കിഴിവ് ലഭിക്കേണ്ട സംരംഭകരെ നിർണ്ണയിക്കുന്നതും തെരഞ്ഞെടുക്കുന്നതും നിരീക്ഷിക്കേണ്ടതും ബന്ധപ്പെട്ട നഗരസഭകളുടെ ചുമതലയാണ്. പലിശ സബ്സിഡിയായി നൽകേണ്ട തുക നഗരസഭകളിൽ ലഭ്യമാക്കിയിട്ടുള്ള എൻ.യു.എൽ.എം. ഫണ്ടിൽ നിന്നും Self Employment Programme എന്ന ശീർഷകത്തിൽ *Interest Subsidy for SHG-Bank Linkage Loans (3.3)* എന്ന ഉപശീർഷകത്തിൽ നിന്നുമാണ് വിനിയോഗിക്കേണ്ടത്. പലിശ സബ്സിഡി ത്രൈമാസാടിസ്ഥാനത്തിൽ നഗരസഭകൾ കണക്കാക്കി തുകയുടെ അംഗീകാരത്തിനായി സംസ്ഥാന മിഷനിൽ ലഭ്യമാക്കേണ്ടതാണ്. സംസ്ഥാന മിഷന്റെ പരിശോധനയ്ക്കും അംഗീകാരത്തിനും വിധേയമായി മാത്രമേ തുക ബാങ്കുകൾക്ക് അനുവദിക്കാവൂ. ബാങ്കുകൾ തുക സംരംഭകർക്ക് കൈമാറുന്ന മുറയ്ക്ക് വിനിയോഗസർട്ടിഫിക്കറ്റ് സംസ്ഥാന മിഷന് ലഭ്യമാക്കേണ്ടതുമാണ്.

ഇപ്രകാരം പരാമർശ പ്രകാരം ശ്രീകണ്ഠപുരം നഗരസഭ തങ്ങളുടെ നഗരസഭയിലെ വ്യക്തിഗത / ഗ്രൂപ്പ് സംരംഭകർക്ക് പലിശ സബ്സിഡി അനുവദിച്ച് കിട്ടുന്നതിലേയ്ക്കായി സമർപ്പിച്ച പ്രൊപ്പോസൽ പരിശോധിച്ചതിൽ താഴെപറയും പ്രകാരം തുക അനുവദിക്കാവുന്നതാണെന്ന് കാണുന്നു.

| ക്രമ നം. | നഗരസഭ | തുക അനുവദിക്കുന്ന സംരംഭങ്ങളുടെ എണ്ണം | അനുവദിക്കുന്ന തുക (രൂപ) | അക്കൗണ്ട് നമ്പർ & ബാങ്ക് വിവരം | റിമാർക്ക് |
|---|---|---|---|---|---|
| 1 | ശ്രീകണ്ഠപുരം | 5 | 35028 | No.42222200097328, NULM, Syndicate bank Sreekanatpuram , ifsc- SYNB0004222 | |
| **ആകെ** | | **5** | **35028** | **മുപ്പത്തിയയ്യായിരത്തി ഇരുപത്തിയെട്ട് രൂപ മാത്രം** | |

മേൽ സാഹചര്യത്തിൽ ശ്രീകണ്ഠപുരം നഗരസഭയ്ക്ക് മേൽ പട്ടികയിൽ പറയും പ്രകാരമുള്ള തുക പലിശ സബ്സിഡിയായി കുടുംബശ്രീ സംസ്ഥാന മിഷനിൽ നിന്ന് അനുവദിച്ച് ഉത്തരവാകുന്നു.

ടി ചെലവ് NULM പദ്ധതിയുടെ സ്വയംതൊഴിൽ സംരംഭ വ്യക്തിഗത സംരംഭങ്ങൾക്കുള്ള പലിശ സബ്സിഡി 3.1 എന്ന ഉപശീർഷകത്തിൽ വകയിരുത്തേണ്ടതാണ്. ധനവിനിയോഗ സാക്ഷ്യപത്രം നഗരസഭാ സെക്രട്ടറിമാർ യഥാസമയം ഈ ഓഫീസിൽ സമർപ്പിക്കേണ്ടതാണ്.

(ഒപ്പ്)
ഡയറക്ടർ (എ & എഫ്)
കുടുംബശ്രീ

1. അക്കൗണ്ട്സ് സെക്ഷൻ - തുക അനുവദിക്കുന്നതിന്
2. ബന്ധപ്പെട്ട നഗരസഭാ സെക്രട്ടറിമാർ
3. ബന്ധപ്പെട്ട ജില്ലാ മിഷൻ കോ-ഓർഡിനേറ്റർമാർ

പകർപ്പ്

1. ബന്ധപ്പെട്ട സിറ്റി പ്രോജക്ട് ഓഫീസർമാർ
2. ബന്ധപ്പെട്ട സിറ്റി മിഷൻ മാനേജർമാർ
3. കരുതൽ/അധികം

ഉത്തരവിൻ പ്രകാരം,

അക്കൗണ്ട്സ് ഓഫീസർ.